**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 93** **29-06-2026-ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിന്റെ സമ്പൂർണ്ണ ഡിജിറ്റൈസേഷൻ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഉമ തോമസ്
ശ്രീ. സെബാസ്റ്റ്യൻ. എം. ജെ
ശ്രീ. എ. ഡി. തോമസ്
ശ്രീ. പഴകുളം മധു

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ഭൂരേഖകൾ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും അനുബന്ധ സർക്കാർ സേവനങ്ങൾ സുരക്ഷിതവും സുതാര്യവുമാക്കുന്നതിനുമായി ഡിജിറ്റൽ സംവിധാനങ്ങൾ ശക്തിപ്പെടുത്തുമോ; വ്യക്തമാക്കുമോ;

**മറുപടി:** ഭൂരേഖകൾ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും അനുബന്ധ സർക്കാർ സേവനങ്ങൾ സുരക്ഷിതവും സുതാര്യവുമാക്കുന്നതിനായി ഡിജിറ്റൽ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാന ഭൂരേഖകളായ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ എന്നിവ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) പോർട്ടൽ വഴി ലഭ്യമാക്കി വരുന്നു. കൂടാതെ, റവന്യൂ, രജിസ്ട്രേഷൻ, സർവേ വകുപ്പുകളുടെ സേവനങ്ങൾ Integrated Land Information Management System (ILIMS) മുഖേന ഏകീകൃതമായി ലഭ്യമാക്കിവരുന്നു. ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിലെ ഡിജിറ്റൽ സർവ്വേ രേഖകൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഡിജിറ്റൽ സർവെ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ച 'എന്റെ ഭൂമി' പോർട്ടലിലും ലഭ്യമാക്കിയിട്ടുണ്ട്. ഇതോടൊപ്പം, ഈ വില്ലേജുകളിലെ ലഭ്യമായ മുൻ സർവെ രേഖകളും, റീസർവെ വില്ലേജുകളിലെ എഫ്.എം.ബി കളും മുൻ സെറ്റിൽമെന്റ് രേഖകളും പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനും സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് അടച്ച് ഡൗൺലോഡ് ചെയ്യുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്.

**(ബി)** മുൻ സർക്കാർ തുടങ്ങിവച്ച ഡിജിറ്റൽ സർവേയുടെ തൽസ്ഥിതി വ്യക്തമാക്കാമോ; അതിൻപ്രകാരം ആകെ എത്ര ശതമാനം സർവേ പൂർത്തിയായിട്ടുണ്ടെന്നും എത്ര പദ്ധതികൾ ഇനി പൂർത്തീകരിക്കാനുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമാക്കാമോ;

**മറുപടി:** റിബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഡിജിറ്റൽ സർവെ ചെയ്യേണ്ട 1550 വില്ലേജുകളിൽ ഒന്നും രണ്ടും ഘട്ടങ്ങളിലായി 839 വില്ലേജുകളിൽ ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾക്ക് തുടക്കമായിട്ടുള്ളതും നിലവിൽ പദ്ധതിയുടെ ഭാഗമായി ഇതുവരെ 72.73 ലക്ഷം ലാൻഡ് പാർസലുകളിലായി 10.42 ലക്ഷം ഹെക്ടർ ഭൂമിയുടെ സർവെ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | ഡിജിറ്റൽ സർവെ പൂർത്തീകരിച്ച് സെക്ഷൻ 13 വിജ്ഞാപനം പ്രസിദ്ധീകരിച്ച് സേവനം നൽകിവരുന്നത് | 228 വില്ലേജുകൾ | 14.71% |
| 2 | ഡിജിറ്റൽ സർവെ പൂർത്തീകരിച്ച് സെക്ഷൻ 9(2) വിജ്ഞാപനം പ്രസിദ്ധീകരണ ഘട്ടത്തിലുള്ള വില്ലേജുകളുടെ എണ്ണം | 146 വില്ലേജുകൾ | 9.41% |
| 3 | ഡിജിറ്റൽ സർവെ പുരോഗമിക്കുന്നത് | 221 വില്ലേജുകൾ | 14.26% |
| 4 | റിക്കാർഡ് ശേഖരണം, ഡിജിറ്റൈസേഷൻ തുടങ്ങിയ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചത് | 244 വില്ലേജുകൾ | 15.74% |
| 5 | ആകെ ഡിജിറ്റൽ സർവെ ആരംഭിച്ചത് | 839 വില്ലേജുകൾ | 54.12% |
| 6 | സർവെ പൂർത്തിയായ വിസ്തീർണ്ണം | 10.42 ലക്ഷം ഹെക്ടർ | 27% |
| 7 | പദ്ധതി പ്രകാരം സർവെ ആരംഭിക്കാനുള്ള വില്ലേജുകൾ | 711 വില്ലേജുകൾ | 45.88% |

**(സി)** റവന്യൂ വകുപ്പിന്റെ സമ്പൂർണ്ണ ഡിജിറ്റൈസേഷന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>**

റവന്യൂ വകുപ്പിന്റെ സേവനങ്ങൾ ജനങ്ങളിലേയ്ക്കും വേഗത്തിലും സുതാര്യമായും എത്തിക്കുന്നതിനായി വിപുലമായ ഡിജിറ്റലൈസേഷൻ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. അതിനായി വിവിധ ഓൺലൈൻ പോർട്ടലുകൾ/ അപ്ലിക്കേഷനുകൾ പ്രവർത്തന സജ്ജമാക്കി വിവിധ സേവനങ്ങൾ നല്കി വരുന്നു. സമ്പൂർണ്ണ ഡിജിറ്റൈസേഷൻ ലക്ഷ്യമാക്കി നടപ്പിലാക്കിയിട്ടുള്ള ഡിജിറ്റൽ സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

1. റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം - ReLIS (https://revenue.kerala.gov.in)

2. ലാൻഡ് റവന്യൂ പോർട്ടൽ - https://landrevenue.kerala.gov.in/

3. ഇ-ഡിസ്ട്രിക്ട് (www.edistrict.kerala.gov.in)

4. ആർ.ആർ. ഓൺലൈൻ

5. Revenue Recovery Digital Payment

6. ഇ-ഓഫീസ്

7. വില്ലേജ് വെബ്സൈറ്റ് (https://village.kerala.gov.in/)

8. Village Office Management Information System (VOMIS) (https://vomis.kerala.gov.in/)

9. സ്യൂട്ട് മോണിറ്ററിംഗ് സിസ്റ്റം (https://suit.revenue.kerala.gov.in)

10. റവന്യൂ ഇൻസ്പെക്ഷൻ മാനേജ്മെന്റ് സിസ്റ്റം (https://rims.kerala.gov.in)

11. ന്യൂ ജനറേഷൻ e-Pos Machine

12. ഇലക്ട്രോണിക് മോർട്ട്ഗേജ് റെക്കോർഡർ (https://emr.kerala.gov.in/)

13. ഡിജിറ്റൽ റവന്യൂ കാർഡ് (https://digitalrevenuecard.kerala.gov.in/)

14. Kerala Government Land Assignment Regularization of Contraventions - KLARC (https://klarc.kerala.gov.in/)

മേൽപ്പറഞ്ഞവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം</u>

## <u>റവന്യൂ വകുപ്പിന്റെ സമ്പൂർണ്ണ ഡിജിറ്റൈസേഷൻ ലക്ഷ്യമിട്ടുകൊണ്ട് നിലവിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ ഡിജിറ്റൽ സംവിധാനങ്ങൾ</u>

1. റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം - ReLIS (https://revenue.kerala.gov.in)

ലാൻഡ് റവന്യൂ വകുപ്പിലെ ഏറ്റവും വലിയ ഡിജിറ്റൽ ചുവടുവെപ്പാണ് ReLIS. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന പ്രാഥമിക ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് റലിസ് നടപ്പിലാക്കിയിട്ടുള്ളത്. റലിസ് പോർട്ടലിൽ നിലവിൽ ലഭ്യമായിട്ടുള്ള വിവിധ സേവനങ്ങൾ താഴെപ്പറയുന്നവയാണ്.

* **സംയോജിത ഓൺ ലൈൻ പോക്കുവരവ്** (Online Mutation) : ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു.

* **സംയോജിത റവന്യൂ ഇ-പെയ്മെന്റ്** : സംസ്ഥാനത്തെ വില്ലേജുകളിൽ അടയ്ക്കാവുന്ന ഭൂനികുതി ഉൾപ്പെടെയുള്ള എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പെയ്മെൻറ് സംവിധാനം.

* **ഓൺലൈൻ തണ്ടപ്പേർ പകർപ്പ്** : വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന തണ്ടപ്പേർ പകർപ്പ് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതു ജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ഡിജിറ്റലായി സാക്ഷ്യപ്പെടുത്തിയ തണ്ടപ്പേർ പകർപ്പ് ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

* **ലൊക്കേഷൻ മാപ്പ് ഓൺലൈൻ** : വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ RELIS മായി സംയോജിപ്പിച്ച് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതു ജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

* **ഭൂമി തരം മാറ്റം ഓൺലൈൻ** : 2018-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം ഭൂമിയുടെ തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് ആവശ്യമായ നടപടികൾ ഓൺലൈനായി തന്നെ കൈകൊള്ളുന്നതിനുള്ള സംവിധാനം തയ്യാറാക്കിയിട്ടുള്ളതും 10/01/2022 മുതൽ സംസ്ഥാന വ്യാപകമായി

നടപ്പിലാക്കിയിട്ടുള്ളതുമാണ്. ഈ സംവിധാനത്തിലൂടെ ജനങ്ങൾക്ക് ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാനും ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ ഓൺലൈനായി തന്നെ ബന്ധപ്പെട്ട ഓഫീസുകളിൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതുമാണ്.

**2. ലാൻഡ് റവന്യൂ പോർട്ടൽ - https://landrevenue.kerala.gov.in/**

ലാൻഡ് റവന്യൂ പോർട്ടലിൽ നിലവിൽ ലഭ്യമായ മൊഡ്യൂളുകൾ ചുവടെ ചേർക്കുന്നു.

. **കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം (KBT)** : കേരള കെട്ടിട നികുതി നിയമം 1975 പ്രകാരം റവന്യൂ വകുപ്പ് മുഖേന പിരിച്ചെടുക്കുന്ന കെട്ടിട നികുതി, അധിക നികുതി എന്നിവ ഓൺലൈനായി പ്രോസസ്സ് ചെയ്യുന്നതിനുള്ള വെബ് ആപ്ലിക്കേഷൻ.

. **കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ** : സംസ്ഥാനത്ത് കോവിഡ്-19 ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് എക്സ്ഗ്രേഷ്യ നഷ്ടപരിഹാരത്തിനായി, അപേക്ഷ ജില്ലാ ദുരന്തനിവാരണ അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനും എക്സ് ഗ്രേഷ്യ സഹായം ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം.

. **ക്യാൻസർ, ക്ഷയം, ക ുഷ്ഠ രോഗികൾക്കുള്ള പെൻഷൻ (സോഷ്യൽ സെക്യൂരിറ്റി പെൻഷൻ)** : നിലവിൽ റവന്യൂ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നീ രോഗം ബാധിച്ചവർക്കുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഓട്ടോമേറ്റ് ചെയ്ത് ഇ ഗവർണൻസ് പ്ലാറ്റ് ഫോമിലൂടെ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം. അപേക്ഷകൾ പൊതുജനങ്ങൾക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനും അപേക്ഷ വില്ലേജ്, താലൂക്ക് എന്നിവിടങ്ങളിൽ പ്രോസസ്സ് ചെയ്ത് ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി അപേക്ഷകന്റെ അക്കൗണ്ടിലേക്ക് ഡി.ബി.റ്റി ആയി പെൻഷൻ ലഭ്യമാക്കുന്നതിനും ഈ ഓൺലൈൻ ആപ്ലിക്കേഷൻ വഴി സാധിക്കും.

. **എൻഡോസൾഫാൻ വിക്ടിം ധനസഹായ പോർട്ടൽ** : കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം.

. **പ്രവാസി മിത്രം** : പ്രവാസികൾക്ക് റവന്യൂ സർവ്വേ വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ പരാതി പരിഹാര സംവിധാനം.

. **റവന്യൂ മിത്രം** : റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം. പൊതുജനത്തിന് തങ്ങളുടെ പരാതികൾ ഓൺലൈനായി നൽകുന്നതിനും അതിന്മേലുള്ള മറുപടി ഓൺലൈനായി തന്നെ ലഭ്യമാക്കുന്നതിനും, പരാതിയുടെ നിലവിലെ സ്ഥിതി, ഓരോ ഓഫീസുകളിലും സ്വീകരിച്ച നടപടി, പ്രസ്തുത നടപടി സ്വീകരിക്കാൻ എടുത്ത സമയം തുടങ്ങിയ എല്ലാ വിവരങ്ങളും സുതാര്യമായി പരാതി അയച്ച ആളിനും, റവന്യൂ മന്ത്രിയുടെ ഓഫീസിനും കൃത്യമായി അറിയാൻ കഴിയുന്നതാണ്.

**. റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം)** : പ്രളയബാധിതരായ/മഴക്കെടുതി ബാധിച്ച ജനങ്ങൾക്ക് അടിയന്തിര ധനസഹായം ലഭ്യമാക്കുന്നതിനുള്ള മൊഡ്യൂൾ. ട്രഷറി വകുപ്പിന്റെ BIMS സംവിധാനവുമായി ഇന്റഗ്രേറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിനാൽ ധനസഹായം ദുരിതബാധിതർക്ക് സമയബന്ധിതമായി വിതരണം ചെയ്യുവാൻ ഈ സംവിധാനം വഴി സാധിക്കും.

**. സർപ്രൈസ് ഇൻസ്പെക്ഷൻ മൊഡ്യൂൾ:** അധികാരപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർക്ക് സർപ്രൈസ് ഇൻസ്പെക്ഷൻ മൊഡ്യൂൾ മുഖാന്തിരം വില്ലേജുകളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുന്നതിനും വില്ലേജിലെ വിവിധ പ്രശ്നങ്ങൾ, അപാകതകൾ എന്നിവ റിപ്പോർട്ട് ചെയ്യുന്നതിനും സാധിക്കുന്നു. റിപ്പോർട്ട് ചെയ്യപ്പെടുന്ന അപാകതകൾ സമയ ബന്ധിതമായി പരിഹരിച്ചുകൊണ്ട് വില്ലേജുകളുടെ കാര്യക്ഷമതയും കൃത്യതയും പ്രകടനവും മെച്ചപ്പെടുത്താൻ സാധിക്കുന്നു.

**. അസറ്റ് മാനേജ്മെന്റ് സിസ്റ്റം :** റവന്യൂ വകുപ്പിലെ ഡെസ്ക്ടോപ്പുകൾ, ലാപ്ടോപ്പുകൾ,സെർവറുകൾ മറ്റ് അനുബന്ധ കമ്പ്യൂട്ടിങ് ഉപകരണങ്ങൾ മുതലായ ഹാർഡ്‌വെയർ അസറ്റുകളുടെ കേന്ദ്രികൃത ഇൻവെന്ററി സംവിധാനമാണ് അസറ്റ് മാനേജ്മെൻറ് സിസ്റ്റം. ഹാർഡ്‌വെയർ അസറ്റുകളുടെ procurement മുതൽ disposal വരെയുള്ള പ്രവർത്തനങ്ങൾ ട്രാക്കുചെയ്യാനും നിരീക്ഷിക്കാനുമുള്ള സമഗ്രമായ പ്ലാറ്റ്ഫോമാണിത്. ഹാർഡ്‌വെയർ അസറ്റുകൾക്കായുള്ള മെയിന്റനൻസ് ഷെഡ്യൂളുകളും അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിവരങ്ങളും, ഓരോ സാമ്പത്തിക വർഷത്തേയും പ്രൊക്യൂർമെന്റിനു വേണ്ടിയുള്ള ഗ്യാപ് അനാലിസിസ് എന്നിവ ഈ സിസ്റ്റം മുഖേനയാണ് നിലവിൽ കൈകാര്യം ചെയ്യുന്നത്. റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർ ഹാർഡ്‌വെയറിനായുള്ള പ്രസ്തുത സിസ്റ്റം നടപ്പിലാക്കിയതിലൂടെ ഐ റ്റി അസറ്റ് വിവരങ്ങൾ കേന്ദ്രീകൃതമാക്കുന്നതിനും ആസ്തി വിനിയോഗം കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

**. Grievances and Innovations മൊഡ്യൂൾ :** റവന്യൂ വകുപ്പിലെ ഇ-ഗവേണൻസ് പദ്ധതികളുമായി ഭരണപരമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുക. നടപടിക്രമങ്ങളെ ഗുണപരമായി പരിവർത്തനം ചെയ്യുക, സേവന വിതരണം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് Grievances and Innovations. ഇ-ഗവേണൻസ് പദ്ധതികൾ ഉപയോഗിക്കുമ്പോൾ ഉദ്യോഗസ്ഥർ നേരിടുന്ന ബുദ്ധിമുട്ടുകൾ, വെല്ലുവിളികൾ, സാങ്കേതിക പ്രശ്നങ്ങൾ എന്നിവ റിപ്പോർട്ട് ചെയ്യുന്നതിനും നവീന ആശയങ്ങൾ പങ്കിടുന്നതിനും ഈ പ്ലാറ്റ് ഫോമിലൂടെ സാധിക്കുന്നതാണ്.

**. വയൽ മൊഡ്യൂൾ:** നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം പൂർവ്വസ്ഥിതിയിലാക്കേണ്ട ഭൂമിയിൽ നിന്നും നീക്കം ചെയ്യുന്ന മണ്ണ്, ആവശ്യക്കാർക്ക് കൃഷി ആവശ്യത്തിനും മറ്റും നിയമാനുസൃതം ലഭ്യമാക്കുന്നതിനും പര്യാപ്തമായ വിവര ശേഖരണം നടത്തുന്നതിനും തയ്യാറാക്കിയിട്ടുള്ള ഒരു ഓൺലൈൻ വിവരശേഖരണ സംവിധാനമാണ് വയൽ മൊഡ്യൂൾ. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008, വകുപ്പ് 13 പ്രകാരം ജില്ലാകളക്ടർമാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ വിവരങ്ങൾ ക്രോഡീകരിക്കുവാനും ടി ഉത്തരവ് പ്രകാരം നീക്കം ചെയ്യപ്പെടുന്ന മണ്ണ് നിക്ഷേപിക്കുന്നതിന് അനുയോജ്യമായ പ്രദേശങ്ങൾ സംബന്ധിച്ച് വില്ലേജ് ഓഫീസർമാർ മുഖേന വിവരങ്ങൾ ശേഖരിക്കുവാനും ഈ സംവിധാനം മുഖേന സാധിക്കും.

**. പരാതി മൊഡ്യൂൾ** : ലാൻഡ് റവന്യൂ വകുപ്പിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ സംബന്ധിച്ചോ റവന്യൂ ഉദ്യോഗസ്ഥരെക്കുറിച്ചോ പരാതി ഉണ്ടെങ്കിൽ അത് ഓൺലൈൻ ആയി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

**. അലർട്ട് മൊഡ്യൂൾ (www.landrevenue.kerala.gov.in)** : കേരള ഭൂമി സംരക്ഷണ നിയമം, കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് എന്നിവ പ്രകാരമുള്ള കയ്യേറ്റം, അനധികൃത മണൽ ഖനനം, സർക്കാർ ഭൂമിയിലെ മരം മുറിക്കൽ, അനധികൃത ധാതു ഖനനം, ക്വാറി ലംഘനം എന്നിവ പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം.

3 **. ഇ-ഡിസ്ട്രിക്ട് (www.edistrict.kerala.gov.in)** : വില്ലേജ്, താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ 23 ഇനം സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതു വഴി പൊതു ജനങ്ങൾക്ക് വില്ലേജ് ഓഫീസ് സന്ദർശിക്കാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതാണ്.

4 **. ആർ.ആർ. ഓൺ ലൈൻ** : റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ആർ ആർ ഓൺലൈൻ.

**5. Revenue Recovery Digital Payment** : റവന്യൂ റിക്കവറി നിയമം, 1968 മുഖേന കുടിശ്ശികക്കാരിൽ നിന്നും റവന്യൂ ഇ പെയ്മെന്റ് വഴി വില്ലേജ് ഓഫീസിൽ സ്വീകരിക്കുന്ന കുടിശ്ശികത്തുകയിൽ സർക്കാർ കുടിശ്ശിക ഒഴികെയുള്ളവ നിലവിൽ അതത് അർത്ഥനാധികാരികളുടെ പേരിൽ ബാങ്ക് ഡ്രാഫ്റ്റായോ ബാങ്ക് അക്കൗണ്ടിൽ നേരിട്ടോ ആണ് ഒടുക്കി വന്നിരുന്നത്. വില്ലേജ് ജീവനക്കാരുടെ വളരെയധികം പ്രവർത്തനസമയവും അദ്ധ്വാനവും അപഹരിക്കുന്ന ഈ പ്രവൃത്തി ലഘൂകരിക്കുന്നതിനായി സംസ്ഥാനത്തെ റവന്യൂ റിക്കവറി അധികാരമുള്ള തഹസിൽദാർമാരുടെ പേരിൽ അതത് ട്രഷറികളിൽ സ്പെഷ്യൽ റ്റി എസ് ബി അക്കൗണ്ടുകൾ ആരംഭിക്കുകയും വില്ലേജുകളിൽ സ്വീകരിക്കുന്ന സർക്കാർ കുടിശ്ശിക ഒഴികെയുള്ള കടിശ്ശികത്തുകകൾ പ്രസ്തുത റ്റി എസ് ബി അക്കൗണ്ടിൽ നിന്നും അർത്ഥനാധികാരികൾ നിർദ്ദേശിച്ചിട്ടുള്ള അക്കൗണ്ടുകളിലേക്ക് കേന്ദ്രീകൃതമായി DBT ആയി കൈമാറുന്നതിനുള്ള റവന്യൂ റിക്കവറി ഡിജിറ്റൽ പെയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ആയത് സംസ്ഥാനത്തിലെ എല്ലാ വില്ലേജ് ഓഫീസുകളിലും വലിയ രീതിയിൽ തന്നെ ജോലിഭാരം ഒഴിവാക്കുന്നതിന് സാധിക്കുന്നതാണ്.

**6. ഇ-ഓഫീസ്** : ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലജ് ഓഫിസ് വരെ നടപ്പിലാക്കിയിട്ടുള്ള കടലാസ് രഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണിത്. പൊതുജനങ്ങൾക്ക് ഫയലുകളുടെ തൽസ്ഥിതി ഈ സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

**7 . വില്ലേജ് വെബ്സൈറ്റ്** : സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും പ്രത്യേകമായി വെബ്സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. https://village.kerala.gov.in വഴി സംസ്ഥാനത്തെ വില്ലേജ്

ഓഫീസുകളുടെ വെബ്സൈറ്റുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുവാൻ കഴിയുന്നതാണ്. വില്ലേജിനെപ്പറ്റിയുള്ള പൊതു വിവരങ്ങൾ, പ്രസ്തുത വില്ലേജിലെ ഭൂവിവരങ്ങൾ, വില്ലേജ് ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന സേവങ്ങൾ, റവന്യൂ വകുപ്പ് ലഭ്യമാക്കുന്ന ഡിജിറ്റൽ സേവനങ്ങൾ വിനിയോഗിക്കുന്നതിനുള്ള ഹൈപ്പർ ലിങ്കുകൾ, ടി വില്ലേജിലെ ജനസംഖ്യാപരവും ഭൂമിശാസ്ത്രപരവുമായ അടിസ്ഥാന സ്ഥിതി വിവര കണക്കുകൾ, ടി വില്ലേജിലെ പ്രധാന സ്ഥലങ്ങൾ തുടങ്ങിയ വിവരങ്ങൾ വില്ലേജ് വെബ്സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാണ്.

**8. Village Office Management Information System (VOMIS):** (https://vomis.kerala.gov.in) ഓൺലൈൻ ആയും അല്ലാതെയും പൊതുജനങ്ങൾക്ക് നൽകുന്ന എല്ലാ സേവനങ്ങളും വില്ലേജ് ഓഫീസറുടെ ഔദ്യോഗിക കൃത്യനിർവ്വഹണവുമായി ബന്ധപ്പെട്ട് ചെയ്യുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും ക്രോഡീകരിച്ച് ഒരു പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്ന മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റമാണ് VOMIS. ഇത് വഴി ഒരു വില്ലേജ് ഓഫീസിലെ ദൈനംദിന പ്രവർത്തനങ്ങളുടെ വ്യതിരിക്തത, ജോലിഭാരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫലപ്രദമായി വിശകലനം ചെയ്ത് സർക്കാർ തലത്തിൽ തീരുമാനങ്ങൾ എടുക്കുന്നതിന് സാധിക്കുന്നു.

**9 . സ്യൂട്ട് മോണിറ്ററിംഗ് സിസ്റ്റം (https://suit.revenue.kerala.gov.in)** : റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതി, ഹൈക്കോടതി, ജില്ലാ കോടതി, വിവിധ സബ് കോടതികൾ എന്നിവയിൽ വകുപ്പുമായി ബന്ധപ്പെട്ടുള്ള കേസുകൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനം.

**10. റവന്യൂ ഇൻസ്പെക്ഷൻ മാനേജ്മെന്റ് സിസ്റ്റം (https://rims.kerala.gov.in)** : റവന്യൂ വകുപ്പിലെ ജില്ലാ കളക്ടറേറ്റ്, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവ സമയബന്ധിതമായി പരിശോധിക്കേണ്ടത് കാര്യക്ഷമമായ അവയുടെ പ്രവർത്തനത്തിന് അത്യാവശ്യമാണ്. ഇതിലേക്ക് വെബ് അധിഷ്ഠിത മൊഡ്യൂൾ എൻ.ഐ.സി യുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്. ഇ മൊഡ്യൂളിലൂടെ മേലുദ്യോഗസ്ഥർക്ക് പരിശോധനാ റിപ്പോർട്ടുകൾ പരിശോധിക്കാനും അതിലൂടെ ഓഫീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും സാധിക്കുന്നു.

**11. ന്യൂ ജനറേഷൻ e-Pos Machine** : സംസ്ഥാനത്തെ വിവിധ വില്ലേജുകളിൽ നിലവിലുള്ള GPRS ePoS മെഷീനുകൾക്കു പകരം പുതിയ ആൻഡ്രോയിഡ് സംവിധാനത്തിലുള്ള സ്റ്റേറ്റ് ഓഫ് ദി ആർട്ട് e - Po S മെഷീനുകൾ ട്രഷറി /ഫെഡറൽ ബാങ്ക് മുഖേന നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രത്യേകമായി നവീകരിച്ചിട്ടുള്ള ടി ഇ പോസ് മെഷീനിൽ നിന്നും തന്നെ QR code സംവിധാനം ഉപയോഗിച്ച് Digital Payment നടത്താൻ സാധിക്കുന്നു എന്നുള്ള സവിശേഷത കൂടി ഉണ്ട്.

**12. ഇലക്ട്രോണിക് മോർട്ട്ഗേജ് റെക്കോർഡർ:** ഭൂമി പണയപ്പെടുത്തി ബാങ്കുകളിൽ നിന്നും എടുത്ത വായ്പകളുടെ വിവരങ്ങൾ നിശ്ചിത ഫീസ് ഈടാക്കി റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ രേഖപ്പെടുത്തുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ് ഇലക്ട്രോണിക് മോർട്ട്ഗേജ് റിക്കോർഡർ (EMR). വായ്പയുടെ ബാധ്യത അതത് ലാൻഡ് പാർസലിൽ രേഖപ്പെടുത്തുന്നതിന്, രേഖപ്പെടുത്തിയ ബാദ്ധ്യത നീക്കം ചെയ്യുന്നതിനുള്ള സൗകര്യം ഈ സംവിധാനം മുഖേന

ബാങ്കുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. (https://emr.kerala.gov.in/)

**13. ഡിജിറ്റൽ റവന്യൂ കാർഡ് (https://digitalrevenuecard.kerala.gov.in/):** എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന്റെ ഭാഗമായി എല്ലാ ഭൂമിക്കും സ്മാർട്ട് ആയ ഡിജിറ്റൽ റവന്യൂ കാർഡ് എന്ന സമഗ്രമായ തിരിച്ചറിയൽ സംവിധാനം ആണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഓരോ ലാൻഡ് പാർസലിനും എൽ.ജി.ഡി. കോഡ്, സർവ്വേ നമ്പർ, ബ്ലോക്ക് നമ്പർ, സബ് ഡിവിഷൻ നമ്പർ വിസ്തീർണ്ണം തുടങ്ങിയ വിശദംശങ്ങൾ ഉൾക്കൊള്ളുന്ന തനത് ലാൻഡ് പാർസൽ ഐ.ഡി. നൽകുകയും, ഇപ്രകാരമുള്ള ലാൻഡ് പാർസൽ ഐ ഡി ഉപയോഗപ്പെടുത്തി പ്രസ്തുത ഭൂമിയുടെ വിശദാംശങ്ങളടങ്ങുന്നതും സ്കാൻ ചെയ്താൽ വിവരങ്ങൾ ലഭ്യമാകത്തക്ക വിധത്തിൽ ഉള്ള ഡൈനാമിക് QR കോഡ് കൂടി ഉൾപ്പെടുന്ന ഒരു ഡിജിറ്റൽ റവന്യൂ കാർഡ് നടപ്പിലാക്കിയിട്ടുണ്ട്.

14. Kerala Government Land Assignment Regularization of Contraventions - KLARC (https://klarc.kerala.gov.in/)

2025-കേരള സർക്കാർ ഭൂമി പതിവ് (വ്യവസ്ഥാലംഘനങ്ങൾ ക്രമപ്പെടുത്തൽ) ചട്ടങ്ങൾ പ്രകാരം, പതിച്ച് നൽകിയ ഭൂമിയിലെ പട്ടയത്തിലെ വ്യവസ്ഥാലംഘനങ്ങൾ ക്രമവൽക്കരിക്കുന്നതിനായുള്ള അപേക്ഷ ടി പോർട്ടൽ മുഖേന സമർപ്പിക്കാവുന്നതാണ്.